മജ്സ്ട്രേട്ടന്മാരുടെ നിയമനം.

*123. [31] ശ്രീ. സി. കൊച്ചുകുഞ്ഞു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1955 ഏപ്രിൽ മാസത്തിൽ നടന്ന മജ്സ്ട്രേട്ടന്മാരുടെ നിയമനത്തിനു് എത്ര അപേക്ഷകൾ ഉണ്ടായിരുന്നു;

(ബി) അവരിൽ ബാറിൽനിന്നെത്രപേരെ തെരഞ്ഞെടുത്തു;

(സി) സബ്ബീസിൽനിന്നും എത്രപേരെ തെരഞ്ഞെടുത്തു;

(ഡി) പട്ടികജാതി (ഷെഡ്യൂൾഡ് കാസ്റ്റ്) വിഭാഗത്തിൽപ്പെട്ട എത്ര അപേക്ഷകരുണ്ടായിരുന്നു;

(ഇ) പട്ടികജാതിക്കാരായ എത്രപേരെ തെരഞ്ഞെടുത്തു;

(എഫ്) പട്ടികജാതിയിൽപ്പെട്ട ആരെയും തെരഞ്ഞെടുത്തില്ലെങ്കിൽ അതിനുള്ള കാരണമെന്തു് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) 1955 ഏപ്രിൽ മാസത്തിൽ നടന്ന മജ്സ്ട്രേട്ടന്മാരുടെ നിയമനത്തിനു് 119 അപേക്ഷകൾ ഉണ്ടായിരുന്നു.

(ബി) അവരിൽ ബാറിൽനിന്നു് ഏഴുപേരെ തെരഞ്ഞെടുത്തു.

(സി) സബ്ബീസിൽനിന്നു് 9 പേരെ തെരഞ്ഞെടുത്തു.

(ഡി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരു അപേക്ഷകൻ ഉണ്ടായിരുന്നു.

(ഇ) പട്ടികജാതിക്കാരിൽ ആരെയും തെരഞ്ഞെടുത്തിട്ടില്ല.

(എഫ്) സബ്ബീസിൽനിന്നും ഉള്ള അപേക്ഷകരിൽ 6 വർഷത്തിൽ കവിഞ്ഞ സബ്ബീസും 75 രൂപയിൽ കുറയാത്ത ശമ്പളവുമുള്ള ആളുകൾ ഉണ്ടായിരിക്കണമെന്നുള്ള വ്യവസ്ഥയനുസരിച്ചുള്ള അപേക്ഷകരും ഉണ്ടായിരുന്നില്ല. എന്നാൽ 1955 നവംബറിൽ പട്ടികജാതിക്കാരിൽനിന്നും ഒരാളെ തെരഞ്ഞെടുത്തു. ഒരാളെക്കൂടി തെരഞ്ഞെടുക്കാൻ നടപടി നടത്തിക്കൊണ്ടിരിക്കയാണു്. അതും ഉടനേ കഴിയും.

ശ്രീ സി. കൊച്ചുകുഞ്ഞു് : പട്ടികജാതിക്കാരിൽനിന്നും ആരെയും തെരഞ്ഞെടുക്കാത്തതിനു കാരണം എന്താണു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നിശ്ചയിച്ച യോഗ്യതകളുള്ള അപേക്ഷകരാരും ഇല്ലായിരുന്നു.

ശ്രീ. ടി. ടി. ശങ്കരൻ ശാസ്ത്രി : തെരഞ്ഞെടുക്കപ്പെട്ട ഒരാൾ ആരാണു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ശ്രീ. കെ. വി. കുമാരൻ ആണു്.

ശ്രീ. കുട്ടൻ കോയിക്കൽ : പട്ടികജാതിക്കാർക്കു് എക്സിക്യൂട്ടീവു് അധികാരങ്ങളോടുകൂടിയ മജിസ്ട്രേട്ടന്മാരുടെ പരിഗണനയ്ക്കെടുക്കണമെന്നു് ഇൻഡ്യാഗവണ്മെന്റിന്നും നിർദ്ദേശങ്ങൾ ലഭിച്ചിട്ടില്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ട്. മാത്രമല്ല രണ്ടു പേരെ തെരഞ്ഞെടുക്കണമെന്ന് ഈ ഗവണ്മെൻറ് പബ്ലിക് സർവ്വീസ് കമ്മീഷനോട് പറയുകയും ചെയ്തു.

ശ്രീ. കെ. കുട്ടപ്പൻ കോയിക്കൽ : അങ്ങനെ ഉണ്ടായിരുന്നിട്ടും അങ്ങനെ രണ്ടുപേരെ തെരഞ്ഞെടുക്കാത്തതെന്തു കൊണ്ടാണ് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനുള്ള യോഗ്യതകൂടി അവർക്കുണ്ടാകണം. പതിനാറു മിനിമം ട്രൈബുകാരെ തെരഞ്ഞെടുക്കുമ്പോൾ രണ്ടു പേരെങ്കിലും പട്ടികജാതിക്കാരായിരിക്കണമെന്നുള്ള ആഗ്രഹംമൂലം ഒരു സ്പെഷ്യൽ ആർഡർ പബ്ലിക്ക് സർവ്വീസ് കമ്മീഷനു കൊടുത്തിട്ടുണ്ട്. അതനുസരിച്ച് ഒരാളെ തെരഞ്ഞെടുത്തു. ഇനിയും ഒരാളെക്കൂടി തെരഞ്ഞെടുക്കും.

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : 1952-ൽ, എക്സിക്യൂട്ടീവ് ഉദ്യോഗങ്ങളിൽ പട്ടികജാതിക്കാരെ നിയമിച്ച് അവർക്ക് പ്രാക്ടീസ് നൽകണമെന്ന് ഇൻഡ്യാ ഗവണ്മെൻറിന്റെ ഒരു കുറിപ്പ് ലഭിച്ചിട്ടില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെയുള്ള തരത്തിൽ നോട്ടീസൊന്നില്ല.

Authority to test Buses

* 124. [32] SHRI P. V. AYIRA THARAKAN : Will the Minister for Home Affairs be pleased to state the authority to test the breaks and engines of the Private motor buses and Transport buses ?

Minister for Works (SHRI K. I. VELAYUDHAN) : Any one of the following Officers can test Transport vehicles :—

(1) Superintendent of Police, Traffic and Taxation.

(2) Assistant Superintendent of Police, Traffic and Taxation.

(3) Traffic and Taxation Assistants.

(4) Traffic Sub Inspectors of Police.

ശ്രീ. പി. വി. അവിരാതരകൻ : ഇവർക്ക് എൻജിനെ സംബന്ധിച്ചും ബ്രേക്കിനെ സംബന്ധിച്ചും മതിയായ വൈദഗ്ദ്ധ്യമുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : അങ്ങനെ വൈദഗ്ദ്ധ്യമുള്ളവരെയാണ് എടുത്തിട്ടുള്ളത്.

ശ്രീ. പി. വി. അവിരാതരകൻ : ഇതിനു വല്ല പരീക്ഷയോമറ്റും വേണമെന്നുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : അതിനെപ്പറ്റി ശരിയായിട്ടറിഞ്ഞുകൂടാ.

LIBRARY ARCHIVES Kerala Legislative Assembly